(ഡി) നിലവിൽ വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിലേക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ബഹു. കേരള ഹൈക്കോടതി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 8 കേസ്സുകളിൽ സ്റ്റേ അനുവദിച്ചിട്ടുള്ളതിനാൽ ആയത് തീർപ്പാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട മേജർ ചെക്ക്പോസ്റ്റുകളും സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മൈദമാവിന് നികുതി ഇളവ്

222 (570) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ മൈദമാവിന് നികുതിയിനത്തിൽ എത്ര ശതമാനമാണ് ഇളവു നൽകിയത് എന്നു വ്യക്തമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ മൈദമാവിന് സംസ്ഥാനത്ത് എത്ര ശതമാനം തീരുവയാണ് നിലവിലുണ്ടായിരുന്നത് എന്നു വ്യക്തമാക്കുമോ ;

(സി) 2013-14-ലെ തീരുവയിൽ നിന്ന് 2014-15-ൽ എന്തെങ്കിലും കുറവു വരുത്തിയിട്ടുണ്ടെങ്കിൽ ആയത് കാരണം എത്ര തുകയുടെ നഷ്ടം സംസ്ഥാന ഖജനാവിനുണ്ടായി എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റ് പ്രകാരം മൈദയെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ മൈദയ്ക്ക് ഒരു ശതമാനം നികുതി നിരക്കാണ് നിലവിലുണ്ടായിരുന്നത്.

(സി) മൈദ, ഗോതമ്പ്പൊടി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കുകയും, ഉഴുന്നുപൊടിയുടെ നികുതിനിരക്ക് ഒരു ശതമാനമായി കുറയ്ക്കുകയും ചെയ്തതുമൂലം 25 കോടി രൂപയുടെ നഷ്ടമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തത്.

പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി

223 (571) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിന്റെയും ഡീസലിന്റെയും ആഭ്യന്തര വില കൂട്ടാനുള്ള എണ്ണ കമ്പനികളുടെ തീരുമാനം സംസ്ഥാനത്ത് 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ വിലയിലുണ്ടാക്കിയ വർദ്ധനവ് ലിറ്റർ ഒന്നിന് എത്ര രൂപ വീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly